"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്-കേരള അങ്കണവാടി വർക്കേഴ്സ് &ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് നടപ്പ സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി നാലാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.114/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. കേരള അങ്കണവാടി വർക്കേഴ്സ് &ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.07.2023, 18.12.2023 തീയതികളിലെ AWWF1-373/2023 നമ്പർ കത്ത്

**ഉത്തരവ്**

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിലവിൽ വിരമിക്കുന്ന അങ്കണവാടി വർക്കർമാർക്ക് 2500/- രൂപയും ഹെൽപ്പർമാർക്ക് 1500/-രൂപയും പ്രതിമാസ പെൻഷനായും, വർക്കർമാർക്ക് 15000/- രൂപയും ഹെൽപ്പർമാർക്ക് 10000/- ഗ്രാറ്റുവിറ്റിയായും നല്കി വരുന്നുണ്ട്. കൂടാതെ ക്ഷേമനിധി ആനുകൂല്യം, മരണാനുകൂല്യം, രാജി വച്ചവർക്കുള്ള ആനുകൂല്യം എന്നിവയും നല്കി വരുന്നുണ്ട്. അങ്കണവാടി വർക്കർ ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം ഉപയോഗിച്ചാണ് പ്രതിമാസ പെൻഷനും മറ്റാനുകൂല്യങ്ങളും, ഓരോ വർഷവും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും ബോർഡിന്റെ 10 % ഭരണ ചെലവുകളും വഹിച്ചു വരുന്നത്. അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതമായി ഏകദേശം 2,19,49,000/- രൂപ ലഭിക്കുന്നുണ്ട്. ബോർഡിന് പ്രതിമാസം 3,47,00,000/- രൂപയുടെ ചെലവ് വരുന്നുണ്ടെന്നും ബോർഡിന്റെ പ്രതിമാസ ചെലവുകൾക്കായി 1,27,51,000/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(2) 2022 ഏപ്രിൽ 30 നു വിരമിച്ച അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ കുടിശ്ശിക, ക്ഷേമനിധി ആനുകൂല്യം, ഗ്രാറ്റുവിറ്റി എന്നിവ നല്കുന്നതിനായി ആകെ 13,70,12,137/- രൂപ ചെലവഴിച്ചിട്ടുള്ളതായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. 2023 ഏപ്രിൽ 30ന് ഏകദേശം 1024 വർക്കർമാരും 825 ഹെൽപ്പർമാരും വിരമിച്ചിട്ടുണ്ട്. ഇവർക്ക് പെൻഷൻ, ക്ഷേമനിധി ആനുകൂല്യം, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനായി 16,87,40,000/- രൂപ ആവശ്യമായിട്ടുണ്ട് എന്നും കൂടാതെ 2022 ഏപ്രിൽ 30ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നല്കുന്നതിനായി 2,50,58,000/- രൂപയും നിലവിൽ പ്രോസസ്സ് ചെയ്ത മരണാനന്തര ആനുകൂല്യങ്ങൾ നല്കുന്നതിനായി 40,80,731/- രൂപയും രാജി വച്ചവർക്കുള്ള ആനുകൂല്യങ്ങൾ

നല്കുന്നതിനായി 23,17,404/- രൂപയും ചേർത്ത് ആകെ 3,14,56,135/- രൂപയുടെ ഫണ്ട് ആവശ്യമായിട്ടുണ്ട് എന്നും അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് നടപ്പ സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി നാലാം ഗഡുവായി 1,08,00,000/-(ഒരു കോടി എട്ടു ലക്ഷം രൂപമാത്രം) രൂപ 2235-02-102-89-10-NP ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അങ്കണവാടി വർക്കേഴ്സ്& അങ്കണവാടി ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WW-WW2/389/2017-FIN (E629251) ]

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 16-03-2024 16:31:05